# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2390

08-12-2015-ൽ മറുപടിക്ക്

## കരിമണലിന്റെ ലഭ്യത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.ദിവാകരൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) കരിമണൽ ദൗർലഭ്യം കാരണം ചവറയിലെ പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ. അടച്ചുപൂട്ടലിന്റെ വക്കിലാണെന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) അസംസ്കൃത വസ്തുവായ കരിമണലിന്റെ ദൗർലഭ്യം, ചവറ IREL ന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട് എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) ഇതു പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | (ബി) ഖനന പ്രവർത്തനങ്ങൾക്കായി സ്ഥലഉടമകൾ സ്ഥലം വിട്ടുനൽകുവാൻ വിമുഖത കാണിക്കുന്നതും, സ്ഥലവാസികളെ വിശ്വാസത്തിലെടുത്ത് ഖനന നടപടികളുമായി മുന്നോട്ട് പോകാൻ IREL ന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയുമാണ് ഈ പ്രശ്നത്തിന് കാരണം. പ്രശ്നപരിഹാരത്തിനായി നിരവധി ഉന്നത തല യോഗങ്ങൾ സർക്കാർ നടത്തിയിട്ടുണ്ട്. IREL ന്റെ ഖനനാനുമതി പുതുക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര ഖനന വകുപ്പ് സെക്രട്ടറിക്ക് അയച്ചുകൊടുത്തിട്ടുണ്ട്. കേന്ദ്രാനുമതി ലഭിച്ചാൽ IREL ന്റെ പ്രവർത്തനത്തിൽ അസംസ്കൃത വസ്തു |

വിന്റെ ദൗർലഭ്യം ഗണ്യമായി പരിഹരിക്കാൻ കഴിയും. ഇതു കൂടാതെ നീണ്ടകര, തോട്ടപ്പള്ളി തുടങ്ങിയ തുറമുഖങ്ങളുടെ പരിസരത്ത് നിന്നും ഡ്രെഡ്ജ് ചെയ്ത മണൽ ഉപയോഗിക്കുവാൻ IREL ന് അനുമതി നൽകിയിട്ടുണ്ട്. വെള്ളനാതുരത്ത്, പണ്ടാരത്തുരത്ത്, കരിത്തുറ, കോവിൽതോട്ടം തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ ഭരണകൂടം IREL ന് എല്ലാവിധ സഹായവും ചെയ്തുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ